പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3803 — 17.10.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി യെ പുരോഗതിയിലേക്ക് നയിക്കാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി — ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.യുടെ നടത്തിപ്പിൽ ഘടനാപരമായ മാറ്റം വരുത്താൻ കഴിഞ്ഞതായി കരുതുന്നുണ്ടോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യുടെ നടത്തിപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി കിലോമീറ്റർ പ്രതി വരുമാനം 20 രൂപയ്ക്ക് താഴെ ലഭിക്കുന്ന 540 സർവ്വീസുകൾ പൊതുജനങ്ങൾക്ക് പ്രയോജന പ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തത്തക്ക രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര, ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ബസ്സുകൾ മാറ്റി പുതിയ സൂപ്പർ എക്സ്പ്രസ് എയർ ബസ്സുകൾ നൽകുകയുണ്ടായി. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേക്ക് യാത്ര ചെയ്യുന്നവരുടേയും അവിടെനിന്ന് വരുന്നവരുടേയും യാത്രാക്ലേശം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാർ രൂപം കൊടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടുവരുന്നു. മൊബൈൽ ഫോണിലൂടെ |

| | | | |
|---|---|---|---|
| | | | പദ്ധതിയായ എം-ഗവേൺൻസിന് കെ.എസ്.ആർ.ടി.സി. പ്രാരംഭം കുറിച്ചു കഴിഞ്ഞു. ഇതിൽ സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള എല്ലാ അപ്പർ ക്ലാസ് സർവ്വീസുകളുടെയും, പ്രധാനപ്പെട്ട ഓർഡിനറി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടേയും സമയ വിവര പട്ടിക ഉൾക്കൊള്ളിച്ചിട്ടുണ്ട്. KSRTC എന്ന് ടൈപ്പ് ചെയ്തതിനു ശേഷം സ്ഥലനാമങ്ങളുടെ ചുരുക്കപ്പേരുകൾ 537252 എന്ന നമ്പരിലേക്ക് എസ്.എം.എസ്. അയയ്ക്കുമ്പോൾ സമയ വിവര പട്ടിക ലഭ്യമാകുന്നതാണ്. |
| (ബി) | കളക്ഷനിൽ വർദ്ധനവുണ്ടായോ; എങ്കിൽ ഇതു വഴി പ്രതിമാസ നഷ്ടത്തുകയിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ നടത്തിപ്പിന്റെ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതിനുശേഷം ഉണ്ടായ കളക്ഷൻ വർദ്ധനവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല. ഈ മാറ്റങ്ങൾ കാരണം പ്രതിമാസ നഷ്ട തുകയിൽ ഉണ്ടായ കുറവ് കണ്ടെത്താൻ മതിയായ സമയം ആയിട്ടില്ലാത്തതിനാൽ ഈ കണക്കുകളും ലഭ്യമല്ല. |
| (സി) | ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയുണ്ടായോ; ഇത് വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ടോ; നിലവിൽ എത്ര ഷെഡ്യൂളുകൾ ഉണ്ട്. | (സി) | കിലോമീറ്റർ പ്രതിവരുമാനം 20 രൂപയ്ക്ക് താഴെ ലഭിക്കുന്ന 540 ഷെഡ്യൂളുകൾ യാത്രക്കാർക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും നടത്തുന്നതിലേയ്ക്കായി ഇതിനകം പുനഃക്രമീകരിച്ചതുവഴി വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്. നിലവിൽ 5,311 ഷെഡ്യൂളുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുവാദം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നേരത്തേ കേടായിക്കിടന്ന ബസ്സുകൾ എത്ര; അതിൽ നിന്ന് ഇപ്പോൾ റോഡിലിറക്കിയവ എത്ര; | (ഡി) | 31.03.2011-ൽ കേടായി കിടന്ന ബസ്സുകളുടെ എണ്ണം: 778<br>ആകെ ബസ്സുകളുടെ എണ്ണം: 5,771<br>ശതമാനത്തിൽ: 13.48%<br>30.09.2011-ൽ കേടായി കിടന്ന ബസ്സുകളുടെ എണ്ണം: 394<br>ആകെ ബസ്സുകളുടെ എണ്ണം: 5,687<br>ശതമാനത്തിൽ: 6.93% |
| (ഇ) | പുതിയ ബസ്സുകൾ വാങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എത്ര ബസ്സുകൾ; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | ഉണ്ട്. 1,000 ബസ്സുകൾ. ആദ്യഘട്ടമെന്ന നിലയിൽ 500 ചേസ്സിസ്സുകൾ സുതാര്യമായ ഓപ്പൺ ടെന്റർ വിളിച്ച് പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. ഈ ചേസ്സിസ്സുകൾ 2011 ഒക്ടോബർ മാസം ലഭിക്കുകയും നവംബർ പകുതിയോടുകൂടി ബസ് ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കാനുമാണ് പദ്ധതി. |

സെക്ഷൻ ഓഫീസർ